# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 349- 31.01.2014 -ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ കടം

**ചോദ്യം**

ശ്രീ. ജോസ് തെറ്റയിൽ
, , മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

**ഉത്തരം**

ശ്രീ. കെ. എം. മാണി
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ ആകെയുള്ള കടം എത്രയെന്ന് വ്യക്തമാക്കാമോ; | 30.11.2013 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ കടം 102684.93 കോടി രൂപയാണ്. ഇതിൽ **65149.49** കോടി രൂപ ആഭ്യന്തര കടവും **6692.78** കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നുള്ള കടവും **30842.66** കോടി രൂപ പ്രോവിഡന്റ് ഫണ്ട് ലഘു സമ്പാദ്യം തുടങ്ങിയവയിൽ നിന്നുള്ള കടവുമാണ്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടം വർദ്ധനവിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2011-12 സാമ്പത്തിക വർഷത്തിൽ പദ്ധതി അടങ്കൽ **12010** കോടി രൂപയും 2012-13-ൽ **14010** കോടി രൂപയും 2013-14-ൽ **17000** കോടി രൂപയുമാണ്. പദ്ധതി അടങ്കലിലെ വർദ്ധനവിനനുസരിച്ച് കടത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 13-ാം ധനകാര്യ കമ്മീഷൻ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് കടം എടുക്കുന്നത്. ഈ കാലയളവിൽ കട പരിധി |

| | |
|---|---|
| | 2011-ലെ ധന ഉത്തരവാദിത്ത (ഭേദഗതി) നിയമം അനുശാസിക്കുന്ന പരിധിയ്ക്കകത്ത് നിർത്തുവാൻ സാധിച്ചിട്ടുണ്ട്. |
| (സി) ഏതെല്ലാം ചെലവുകൾ നിർവ്വഹിക്കുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 01.07.2013 മുതൽ 31.10.2013 വരെ **384.38** കോടി രൂപയും, പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ ഇതേ കാലയളവിൽ **164.66** കോടി രൂപയും ജലവിഭവ വകുപ്പിൽ 01.06.2013 മുതൽ 31.07.2013 വരെ **61.39** കോടി രൂപയും ഉൾപ്പെടെ **610.43** കോടി രൂപ കൊടുത്തു തീർക്കുവാനുണ്ട്. |

**സെക്ഷൻ ഓഫീസർ**